(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 'വി. മിഷൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വനിതാ സംരംഭകരെ ശക്തിപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്രോത്സാഹനവും സഹായവും നൽകുകയാണ് WE മിഷന്റെ പ്രധാന ലക്ഷ്യം.

(സി) താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ WE മിഷൻ വഴി വനിതാ സംരംഭകർക്ക് നൽകുന്നു.

1. തുടർച്ചയായുള്ള ഉപദേശ-നിർദ്ദേശ പിന്തുണ
2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം
3. സാമ്പത്തിക പിന്തുണ
4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ
5. വിപണനത്തിനുള്ള പിന്തുണ.

(ഡി) കെ.എസ്.ഐ.ഡി.സി.-യിൽ WE മിഷന്റെ ഒരു സെൽ സജീവമായി പ്രവർത്തിക്കുന്നു. കുടുംബശ്രീ ജില്ലാ വ്യവസായ കേന്ദ്രം, എം.എസ്.എം.ഇ.ടി.ഐ. തുടങ്ങിയവയുടെ സഹകരണത്തോടെ വനിതാ സംരംഭകർക്ക് വേണ്ടി പിന്തുണ യഥാസമയം നൽകി വരുന്നു.

**മെയ്ക് ഇൻ കേരള പദ്ധതി**

197 (3351) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് 'മേയ്ക്ക് ഇൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളോടെയാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വ്യവസായ സംരംഭ വളർച്ചയ്ക്ക് ഈ പദ്ധതി എത്ര മാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ 'മേയ്ക്ക് ഇൻ ഇന്ത്യ' -യുടെ ചുവട് പിടിച്ച് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേർസ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI), ഏർണസ്റ്റ് &യംഗ് (EY), സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദ നേഷൻ (SIGN) എന്നിവയുടെ സഹകരണത്തോടെ കേരളത്തിൽ നിക്ഷേപ സമാഹരണവും സംരംഭകത്വ വികസനവും ലക്ഷ്യമിട്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'മെയ്ക്ക് ഇൻ കേരള'

(ബി &സി) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയും, വികസനവും സാധ്യമാക്കുന്നതിനാണ് 'മെയ്ക്ക് ഇൻ കേരള' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇലക്ട്രോണിക് സിസ്റ്റങ്ങളും മെഷിനറിയും ലൈറ്റ് എഞ്ചിനീയറിംഗ്, റബ്ബർ ഉൽപ്പന്നങ്ങൾ, ഭക്ഷ്യ സംസ്കരണം, സുഗന്ധ വ്യഞ്ജനങ്ങൾ, കൈത്തറി ടെക്സ്റ്റൈൽ, ആയുർവ്വേദം, കേരള ബ്രാന്റുകളുടെ പ്രോത്സാഹനം, സാങ്കേതിക വിദ്യയുടെ നവീകരണം, പ്രചാരണ പരിപാടികളുടെയും സംരംഭക സംഗമങ്ങളുടെയും സംഘാടനം, വനിതാ സംരംഭകത്വ പ്രോത്സാഹനം എന്നീ മേഖലകൾക്കാണ് ഊന്നലിലൂടെ കൂടുതൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ യുവാക്കളുടെയും വനിതകളുടെയും മറ്റ് സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുമുള്ള സംരംഭകരെ സൃഷ്ടിക്കുന്നതിനും, ഇതിനുവേണ്ടിയുള്ള സംരംഭക സമ്മേളനങ്ങൾ ദേശീയ, അന്തർദ്ദേശീയ തലത്തിൽ സംഘടിപ്പിക്കുകയുമാണ് 'മേയ്ക്ക് ഇൻ കേരള' വഴി ലക്ഷ്യമിടുന്നത്.

(ഡി) 2015-16 ലെ സംസ്ഥാന ബഡ്ജറ്റിൽ 'മെയ്ക്ക് ഇൻ കേരള' പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി സഭയുടെ മേശപ്പുറത്തുവച്ച രേഖയിൽ പറയുന്നുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ 28-1-2015 ലും 28-4-2015 ലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പിന്തുണ FICCI യ്ക്ക് വാഗ്ദാനം ചെയ്യുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ സഹായം ആവശ്യമുള്ള വിഷയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഐ.ഡി.സി.യുമായും കിൻഫ്രായുമായും സഹകരിക്കുവാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും FICCI-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വി മിഷൻ കേരള**

198 (3352) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വി -മിഷൻ കേരള പദ്ധതി പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖല പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്?

ഉത്തരം

(എ) WE മിഷൻ വഴി വനിതാ സംരംഭകർക്ക് താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ നൽകിവരുന്നു:

1. തുടർച്ചയായുള്ള ഉപദേശ നിർദ്ദേശ പിന്തുണ
2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം.
3. സാമ്പത്തിക പിന്തുണ
4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ
5. വിപണനത്തിനുള്ള പിന്തുണ

(ബി) കെ.എസ്.ഐ.ഡി.സി.-ക്കാണ് ചുമതല നൽകിയിട്ടുള്ളത്.

**പി.പി.പി. പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ**

199 (3353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2012 ലെ എമർജിംഗ് കേരളയുടെ ഭാഗമായി വിഭാവനം ചെയ്തിരുന്ന പി. പി. പി പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതികൾ അറിയിക്കാമോ;

(ബി) ഏതെല്ലാം സംരംഭങ്ങൾ ആരംഭിച്ചുവെന്നും അവയുടെ മുതൽമുടക്കും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly